പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 910 30.06.2011 -ലെ മറുപടിക്ക്

## തവന്നൂർ-തിരുനാവായ പാലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡോ. കെ.ടി. ജലീൽ | വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) തവന്നൂർ-തിരുനാവായ പാലം നിർമ്മിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത് ; | (എ) &(ബി) ഈ പാലം നിർമ്മാണം മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൽ ഉൾപ്പെട്ട പദ്ധതിയാണ്. സംസ്ഥാനത്തെ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെട്ട പാലങ്ങൾക്കെല്ലാം കൂടി 2011-2012-ലെ ബഡ്ജറ്റിൽ 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) ഇതിന്റെ അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് കൈമാറിയിട്ടുണ്ടോ ; | (സി) ഇല്ല |
| (ഡി) ഇതിന്റെ ടെൻഡർ നടപടികൾ പൂർത്തിയാവാൻ എത്ര കാലതാമസം എടുക്കുമെന്നാണ് കരുതുന്നത് ; | (ഡി) സ്ഥലം ലഭ്യമായാൽ ടെണ്ടർ നടപടി സ്വീകരിക്കും. |
| (ഇ) സ്വകാര്യ വ്യക്തികളുടെ സ്ഥലം തവന്നൂർ പഞ്ചായത്തിലും തിരുനാവായ പഞ്ചായത്തിലും ഇതിലേക്കായി ലഭ്യമാക്കേണ്ടതുണ്ടോ; | (ഇ) ഉണ്ട്. |
| (എഫ്) ഉണ്ടെങ്കിൽ ആരുടെയൊക്കെ, ഏതൊക്കെ സർവ്വെ നമ്പരിലുള്ള സ്ഥലമാണ് ലഭിക്കേണ്ടത് ? | (എഫ്) അലൈൻമെന്റ് നിശ്ചയിച്ചതിന് ശേഷം മാത്രമേ ആരുടെയൊക്കെ എത്ര സ്ഥലം വേണമെന്ന് അറിയാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ